## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.509 29.11.2018-ൽ മറുപടിക്ക്**

## ജി.എസ്.ടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. സമ്പ്രദായം നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 3.28 ലക്ഷം. |
| (ബി) | വാറ്റ് സമ്പ്രദായം നിലവിലുണ്ടായിരുന്ന 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികൾ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | 265128 എണ്ണം. |
| (സി) | വിവിധയിനം ചരക്കുകൾക്കും സേവനങ്ങൾക്കും ജി.എസ്.ടി. നികുതി നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടും നികുതിവരുമാനത്തിൽ കുറവുണ്ടാകുന്നത് തടയാൻ കാര്യക്ഷമമായ ഒരു സംവിധാനം രൂപപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | വിവിധയിനം ചരക്കുകൾക്ക് ജി.എസ്.ടി നികുതി നിരക്കിൽ കുറവാണ് ഉണ്ടായിരിക്കുന്നത്. നികുതി വരുമാനത്തിൽ കുറവുണ്ടായത് തടയാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>**1.** കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള ചരക്കുകളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം ആയി നിശ്ചയിച്ച് എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് |

| | | | |
|---|---|---|---|
| | | | നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ വിശദമായ നികുതി റിട്ടേൺ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇത് പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.<br>**2.** GST യുമായി ബന്ധപ്പെട്ട് 2017-18 ന്റെ Annual Return 2018 ഡിസംബർ 31 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ പരിശോധന നടത്തി, നികുതി പിരിവ് കാര്യക്ഷമമാക്കാം എന്നാണ് പ്രതീക്ഷിക്കുന്നത്.<br>**3.** അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്ക നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം 01/04/2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തു നോക്കി നികുതി വെട്ടിപ്പ് നിയന്ത്രിക്കാൻ കഴിയും. ഇതിനെ തുടർന്ന് ആനുപാതിക നികുതി വർദ്ധന പ്രതീക്ഷിക്കുന്നു.<br>**4.** ഇ-വേ ബിൽ കൃത്യമായി ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗത്തിന്റെ എണ്ണം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.<br>**5.** കേരളത്തിനകത്തേക്കും പുറത്തേക്കുമുള്ള ചരക്ക് നീക്കം കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**